**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 745** **09-08-2023 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് മീറ്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ; | (എ) | കേന്ദ്ര സർക്കാർ 19.08.2021 ൽ പ്രസിദ്ധീകരിച്ച ഗസറ്റ് നമ്പർ CG-DL-E-19082021-229126 പ്രകാരം രാജ്യത്തെ കൃഷി ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ഒഴികെയുള്ള എല്ലാ വൈദ്യുതി കണക്ഷനുകൾക്കും 2025 മാർച്ചോടെ പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഏർപ്പെടുത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതിയായ RDSS (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം) ൽ എല്ലാ വിഭാഗത്തിലുമുള്ള ഉപഭോക്താക്കൾക്കുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കാതിരുന്നാൽ ഏതെങ്കിലും തരത്തിലുള്ള കേന്ദ്രസർക്കാർ ഗ്രാൻഡ് സംസ്ഥാനത്തിന് നഷ്ടപ്പെടുമോ; ആണെങ്കിൽ എത്ര തുകയാണ് ഈ ഇനത്തിൽ നഷ്ടമാവുകയെന്ന് വിശദീകരിക്കാമോ? | (ബി) | RDSS പദ്ധതിയിൽ ഉൾപ്പെടുത്തി 10,475.03 കോടി രൂപയുടെ വിതരണ നഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവർത്തികൾക്കും സ്മാർട്ട് മീറ്റർ പദ്ധതിയ്ക്കുമായി 10475.03 കോടി രൂപയ്ക്കുള്ള പ്രവൃത്തികൾക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് തുക 2,606.24 കോടി രൂപയാണ്. ഇതുകൂടാതെ 13126.53 കോടി രൂപയുടെ വിതരണ-ഉപപ്രസരണ നവീകരണ പ്രവൃത്തികൾക്കും വിതരണ മേഖലയിലെ അടിസ്ഥാന വികസന പ്രവർത്തികൾക്കും വേണ്ടിയുള്ള അധിക പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പദ്ധതികൾക്ക് പൂർണ്ണമായും അംഗീകാരം ലഭിച്ചാൽ 7875.92 കോടി രൂപ കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിക്കാൻ സാധ്യതയുണ്ട്. RDSS പദ്ധതിയുടെ വിതരണ മേഖലയിലെ അടിസ്ഥാന വികസന പ്രവർത്തികൾക്കുള്ള ഗ്രാന്റ് ലഭിക്കുന്നതിന് സ്മാർട്ട് മീറ്റർ സ്ഥാപിക്കാനുള്ള പ്രവർത്തികൾ RDSS മാർഗരേഖ പ്രകാരം സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ